**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **11-02-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിന് സംയോജിത നദീതട പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടി പുഴ അന്തർ സംസ്ഥാന നദിയായതിനാൽ മറ്റു വകുപ്പുകളെയും, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ മറ്റു വിഭാഗങ്ങളെയും ഏകോപിപ്പിച്ചു കൊണ്ട് പഠനം നടത്താനുള്ള നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചാലക്കുടി പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കിയിട്ടില്ല. |
| (ബി) | ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | ചാലക്കുടി പുഴയിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട പ്രവൃത്തികൾ ജലസേചന വകുപ്പിന് കീഴിൽ ചെയ്തു വരുന്നുണ്ട്. നിലവിൽ ചാലക്കുടി നിയോജക മണ്ഡലത്തിൽ മേലൂർ-പരിയാരം പഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ട് Water retaining structure ആയി കയ്യാനിക്കടവ് പ്രദേശത്ത് 9.60 കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള ഒരു ചെക്ക് ഡാമിന്റെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | മേലൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (സി) | മേലൂർ പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടി പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിനായി 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 300 ലക്ഷം രൂപ അടങ്കൽ തുകയും 60 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ലഭ്യമായ IDRB ഡിസൈൻ പ്രകാരം 720 ലക്ഷം രൂപയുടെ DPR സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഡാമിന്റെ സംരക്ഷണ പ്രവർത്തികളിൽ മാറ്റം വരുത്തി പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയിൽ കുറവു വരുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഭരണാനുമതിയ്ക്കായി |

| | | | |
|---|---|---|---|
| | | | പുതുക്കിയ DPR സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പുതുക്കിയ DPR ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | റിവർ ബേസിൻ കൺസെർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും പ്രാദേശിക ഉപജീവനമാർഗങ്ങളെ പിന്തുണയ്ക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും നദീതടങ്ങളുടെ സുസ്ഥിര പരിപാലനം നിർണായകമാണ്. ജനസംഖ്യാ വർദ്ധനവ്, വ്യാവസായികവൽക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന സമ്മർദ്ദങ്ങൾക്കൊപ്പം, ഫലപ്രദവും സംയോജിതവുമായ ജല മാനേജ്മെന്റ് എന്നത്തേക്കാളും അടിയന്തരമായി മാറിയിരിക്കുന്നു. നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട്(OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) തയ്യാറാക്കിയ Frame work ന്റെ കരട് സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ